₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L   L I F E   V O I C E

Monthly

Volume 12
Issue 6

**December 2023**

pages 24

"നിന്റെ ഭാരം യഹോവയുടെമേൽ വച്ചു കൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കുകയില്ല. ദൈവമേ, നീ അവരെ നാശത്തിന്റെ കുഴിയിലേക്ക് ഇറക്കും; രക്തപ്രിയവും വഞ്ചനയും ഉള്ളവൻ ആയുസ്സിന്റെ പകുതിയോളം ജീവിക്കയില്ല; ഞാനോ നിന്നിൽ ആശ്രയിക്കും"

**(സങ്കീർത്തനങ്ങൾ 55:22,23)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

Volume 12   Issue 6   December 2023   pages 24   Rs.5/

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V



Since 2012

**Book No. 144**


## ഉള്ളടക്കം


പേജ്

- ജനദ്രോഹിയായ രാജ്യസ്നേഹി 3
- പ്രതികരണങ്ങൾ 6
- നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ (2) 7
- റോമർ 16 ലെ ദൈവമക്കൾ (17) 10
- ഹബക്കൂക് (22) 13
- ബൈനോക്കുലർ (24) 16
- ഇമ്മാനുവിന്റെ സംശയങ്ങൾ (42) 19
- മുഹമ്മദ് നബി 22
- കണ്ണടയിൽ തെളിഞ്ഞ സത്യങ്ങൾ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ജനദ്രോഹിയായ രാജ്യസ്നേഹി!

ജനങ്ങളെ ദ്രോഹിച്ചുകൊണ്ട് താൻ രാജ്യസ്നേഹിയാണെന്നു ഒരാൾക്ക് പ്രഖ്യാപിക്കാൻ കഴിയും. പ്രവൃത്തിയിൽ ജനങ്ങളോടുള്ള ദ്രോഹം, വാക്കിൽ രാജ്യത്തോടുള്ള സ്നേഹം! ഇത്തരം ഇരട്ടമുഖന്മാരിൽ പെട്ട ഒരാളാണ് കളമശ്ശേരി സ്ഫോടനം നടത്തിയ ശ്രീ. ഡൊമിനിക് മാർട്ടിൻ. കളമശ്ശേരിയിലെ ഒരു കൺവൻഷൻ സെന്ററിൽ നടന്ന യഹോവാസാക്ഷികളുടെ പ്രാർത്ഥനായോഗത്തിലാണ് 48-കാരനായ മാർട്ടിൻ ബോംബു സ്ഫോടനം നടത്തിയത്. 2023 ഒക്ടോബർ 29 ന് ആണ് ആ നീചകൃത്യം അരങ്ങേറിയത്.

ആ ദുരന്തവാർത്തയിൽ ഞെട്ടിവിറച്ചത് കേരളം മാത്രമല്ല, ഇന്ത്യാരാജ്യം മൊത്തമാണ്. പ്രധാനമന്ത്രിയും കേന്ദ്രആഭ്യന്തരമന്ത്രിയും ഉൾപ്പെടെയുള്ളവർ വിശദാംശങ്ങൾ അന്വേഷിച്ചു. ഇസ്രയേൽ-പാലസ്തീൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ മറ്റു ചില അഭ്യൂഹങ്ങൾ പരക്കാനും തുടങ്ങി. പക്ഷേ അപ്പോഴേക്കും താനാണ് ഈ കൃത്യം ചെയ്തത് എന്നു അവകാശപ്പെട്ടുകൊണ്ട് മാർട്ടിൻ രംഗത്തുവന്നു. നന്ദി മാർട്ടിൻ! ബോംബുവച്ച് ചിലരെ കൊന്നതിനല്ല, ബോംബുസ്ഫോടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് പരസ്യമായി വന്നതിനാണ് ഞാൻ താങ്കൾക്ക് നന്ദി പറഞ്ഞത്. താങ്കൾ അങ്ങനെ വന്നില്ലായിരുന്നുവെങ്കിൽ, ഊഹാപോഹങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും നിഗമനങ്ങളും ഒക്കെയായി രംഗം കൂടുതൽ വഷളായേനേ.

ബോംബുസ്ഫോടനം നടത്തിയതിനുശേഷം ഫെയ്സ്ബുക്ക് ലൈവിൽ പ്രത്യക്ഷപ്പെട്ട് മാർട്ടിൻ പറഞ്ഞ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

> 16 വർഷത്തോളം ഞാൻ ഈ യഹോവാസാക്ഷികൾ എന്ന പ്രസ്ഥാനത്തിന്റെ കൂടെയുണ്ടായിരുന്ന വ്യക്തിയാണ്. അന്നൊന്നും ഇത് അത്ര സീരിയസ്സായി ഞാൻ എടുത്തിരുന്നില്ല. എന്നാൽ 6 വർഷം മുമ്പ് ഇവരുടെ ഉപദേശം തെറ്റാണെന്നും രാജ്യദ്രോഹപരമാണെന്നും എനിക്കു മനസ്സിലാവുകയും അത് തിരുത്തണമെന്നു അവരോടു പല തവണ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവർ അതിനു തയ്യാറായില്ല.

ഒരു രാജ്യത്തിൽ താമസിച്ചുകൊണ്ട് അവിടത്തെ ജനങ്ങളെ വേശ്യാസമൂഹമെന്നും നശിച്ചുപോകുന്ന വ്യക്തികളെന്നും അവരുടെ കൂടെ കൂടരുതെന്നും അവരുടെ കൂടെ ഭക്ഷണം കഴിക്കരുതെന്നും പഠിപ്പിക്കുന്ന പ്രസ്ഥാനമാണിത്. ഇതിനെതിരെ ഒരാളെങ്കിലും പ്രതികരിച്ചില്ലെങ്കിൽ യഹോവാസാക്ഷികൾ അവരുടെ ആശയം ശരിയാണെന്നു ചിന്തിക്കും.

വെള്ളപ്പൊക്ക സമയത്ത് അവർ അവരുടെ ആളുകളുടെ വീടുകളിൽ മാത്രം പോയി ക്ലീൻ ചെയ്തുകൊടുത്തു.... വളരെ ചിന്തിച്ചതിനുശേഷം മാത്രമാണ് ഞാൻ ബോംബുസ്ഫോടനം നടത്താനുള്ള തീരുമാനം എടുത്തത്. ദേശീയഗാനം പാടരുതെന്ന് ഇവർ പറയുന്നു. ഇവരുടെ തെറ്റായ ആശയങ്ങൾ നമ്മുടെ നാട്ടിൽ അവസാനിക്കണം.

നമുക്ക് അന്നം തരുന്ന രാജ്യത്തെ ജനങ്ങളെ വേശ്യാസമൂഹമെന്നും നശിച്ചുപോകുന്ന ജാതികളെന്നും പറഞ്ഞ് അധിക്ഷേപിക്കരുത്. ഇങ്ങനെയൊരു പ്രസ്ഥാനം നമ്മുടെ നാട്ടിൽ ആവശ്യമില്ല.

താൻ ബോംബുണ്ടാക്കിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തരുതെന്നും അങ്ങനെ ചെയ്താൽ അത് വളരെ അപകടകരമാണെന്നും ഉള്ള ഉപദേശം നൽകിക്കൊണ്ടാണ് മാർട്ടിൻ അദ്ദേഹത്തിന്റെ ലൈവ് അവസാനിപ്പിക്കുന്നത്.

മാർട്ടിന്റെ സംസാരം ശ്രദ്ധിച്ചപ്പോൾ അദ്ദേഹത്തിന്റെ മനോനില ശരിയാണോ എന്ന സംശയമാണ് എനിക്കു തോന്നിയത്. മാർട്ടിൻ പറഞ്ഞ കാലക്കണക്ക് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ വയസ്സായ 48 മായി താരതമ്യം ചെയ്താൽ, 26 വയസ്സുമുതൽ 42 വയസ്സുവരെയുള്ള 16 വർഷം യഹോവാസാക്ഷിയായി അറിയപ്പെട്ട വ്യക്തിയാണ് അദ്ദേഹം. തുടർന്ന് അവരുടേത് ശരിയായ ഉപദേശമല്ലെന്നു മനസ്സിലായപ്പോൾ തിരുത്താൻ ആവശ്യപ്പെട്ടു. അത് അനുസരിക്കാത്തതുകൊണ്ടാണത്രേ ബോംബ്സ്ഫോടനം നടത്തിയത്. ഇയാൾ പറഞ്ഞത് ആരെങ്കിലും അനുസരിച്ചില്ലെങ്കിൽ അവരുടെ ഇടയിൽ പോയി ബോംബ്സ്ഫോടനം നടത്തുക എന്ന ആശയത്തിന് എന്തു ന്യായീകരണമാണുള്ളത്?

എതിർചിന്താഗതിയുള്ളവരെ ബോംബ് എറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് വെട്ടിക്കൊല്ലുന്ന ചില രാഷ്ട്രീയപ്പാർട്ടികളെയും, ബോംബ് പൊട്ടിച്ച് നിരവധി മനുഷ്യരെ ചിന്നഭിന്നമാക്കിയതിനുശേഷം ആ ബോംബ്സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന ചില ഭീകരപ്രസ്ഥാനങ്ങ

ളെയുമാണ് മാർട്ടിൻ ഇവിടെ അനുകരിച്ചത്. മാർട്ടിൻ കാണിച്ചത് ഗുണ്ടായിസവും ഭീകരപ്രവർത്തനവും ആണെന്നർത്ഥം. നിരപരാധികളായ ചിലരെ കൊല്ലാനും നിരവധി പേരെ ഗുരുതരമാംവിധം പരുക്കേൽപ്പിക്കാനും അനേകം നാശനഷ്ടങ്ങൾ ഉണ്ടാക്കാനും സ്വന്തം ഭാവി നശിപ്പിക്കാനും മാത്രമാണ് മാർട്ടിന്റെ ഈ അതിബുദ്ധി നിമിത്തം കഴിഞ്ഞത്.

മറ്റുള്ളവരെ നശിച്ചുപോകുന്ന ജാതികൾ എന്നു വിളിക്കുകയും അവരോടു കൂടെ ഭക്ഷണം കഴിക്കരുതെന്നു പറയുകയും ചെയ്തുവെന്നതാണ് യഹോവാസാക്ഷികളുടെ മേൽ അദ്ദേഹം ചാർത്തിയ പ്രധാന കുറ്റാരോപണം. അങ്ങനെയാണെങ്കിൽ 'മ്മ്ടെ മാർട്ട്യേട്ടൻ' യഹോവാസാക്ഷികളുടെ ഇടയിൽ മാത്രം ബോംബ് പൊട്ടിച്ചാൽ പോരാ. മിക്ക ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഹിന്ദുക്കളുമെല്ലാം വിശ്വസിക്കുന്നത് അവരൊഴികെ മറ്റെല്ലാവരും നശിച്ചുപോകും എന്നു തന്നെയാണ്. ചില പ്രത്യേക അവസരങ്ങളിൽ മറ്റുള്ളവരുടെ കൂടെ ഭക്ഷണം കഴിക്കുന്നത് ഇവരെല്ലാം വിലക്കുന്നുമുണ്ട്. നമുക്ക് താത്പര്യമുള്ളിടത്ത് നാം സഹകരിച്ചുപോവുക, അല്ലാത്തിടത്തുനിന്ന് ഒഴിഞ്ഞുമാറുക – ഇതാണ് നാം ചെയ്യേണ്ടത്. അല്ലാതെ, നമുക്ക് താത്പര്യമില്ലാത്തവരുടെ ഇടയിൽ പോയി ബോംബ് പൊട്ടിക്കുകയല്ല.

യഹോവാസാക്ഷികളുടെ കൂടെ മാർട്ടിൻ നടന്ന പതിനാറു വർഷത്തിന്റെ കാലയളവിൽ, മറ്റേതെങ്കിലും വ്യക്തി മാർട്ടിൻ ചിന്തിച്ചപോലെ ചിന്തിച്ചിട്ട് പ്രാർത്ഥനാഹാളിൽ ബോംബ് പൊട്ടിച്ചിരുന്നെങ്കിൽ എന്താവും സ്ഥിതി? ആ ബോംബ്സ്ഫോടനത്തിൽ മാർട്ടിൻ കൊല്ലപ്പെട്ടിരുന്നെങ്കിൽ? യഹോവാസാക്ഷികൾ രാജ്യദ്രോഹികളാണെന്നാണ് മാർട്ടിന്റെ മറ്റൊരു കുറ്റാരോപണം. ഈ മാർട്ടിനും രാജ്യദ്രോഹിയല്ലേ? വ്യക്തികളുടെ ജീവിക്കാനുള്ള അവകാശത്തെ ബോംബ്സ്ഫോടനത്തിലൂടെ ഇല്ലാതാക്കിയ ഈ മാർട്ടിനെ നമുക്ക് രാജ്യസ്നേഹി എന്നു വിളിക്കാൻ കഴിയുന്നതെങ്ങനെ?

ഇങ്ങനെ ബോംബ്സ്ഫോടനം നടത്തിയില്ലെങ്കിൽ യഹോവാസാക്ഷികൾ അവരുടെ ആശയം ശരിയാണെന്നു ചിന്തിക്കുമത്രേ! സുഹൃത്തേ, ഇന്നാട്ടിൽ എത്രയോ തെറ്റായ ആശയങ്ങളുണ്ട്? പശു അമ്മയാണെന്നു വിശ്വസിക്കുന്ന ചിലർ ആ പേരും പറഞ്ഞ് എത്രയോ ആളുകളെ കൊന്നിരിക്കുന്നു! പിന്നോക്കവിഭാഗം എന്നു വിളിക്കപ്പെടുന്ന ആളുകളുടെ ഇടയിൽ എത്ര പേർ അന്യായമായി കൊല്ലപ്പെട്ടിരിക്കുന്നു!

ചില ആശയങ്ങളോടുള്ള നമ്മുടെ ഇഷ്ടക്കേട് പ്രകടിപ്പിക്കാനുള്ള മാർഗ്ഗം അക്ഷരങ്ങളോ വാക്കുകളോ ആണ്, അല്ലാതെ ബോംബല്ല! ഗുണ്ടായിസവും തീവ്രവാദവും മുറുകെ പിടിക്കുന്നവർ രാജ്യസ്നേഹികളല്ല, രാജ്യദ്രോഹികൾ മാത്രമാണ്.

**എം വി എസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Johnson Kulangara, Angamaly, Ernakulam

ചന്ദ്രയാൻ -3 എന്ന ഒക്ടോബർ മാസത്തിലെ എഡിറ്റോറിയൽ വായിച്ചപ്പോഴാണ് ഞാനും അതിനെക്കുറിച്ച് ചിന്തിച്ചത്. മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റാതെ ആർഭാടത്തിനു ചെലവിടുന്ന ബുദ്ധിരാക്ഷസന്മാരാണ് ഈ ലോകത്തുള്ളത്. ഇതുകൊണ്ടെല്ലാം രാജ്യത്തെ ഒരു പൗരന് എന്തു നന്മയാണ് ഉണ്ടാകുന്നത്? പൊങ്ങച്ചം പറഞ്ഞു നടന്നാൽ മനുഷ്യന്റെ പട്ടിണിയും ചികിത്സയ്ക്കു വകയില്ലാതെ നെട്ടോട്ടമോടുന്ന പാവങ്ങളുടെ കഷ്ടതയും മാറുമോ? ഒരു ജീവനെങ്കിലും രക്ഷിക്കാൻ കഴിയുമോ? തൂലിക പടവാളായി മുന്നേറുക...

## Johnson C S, Kulamavu, Idukki

മനസ്സിന്റെ മാറാപ്പിൽ മറഞ്ഞുകിടക്കുന്ന ചിന്തകളെ പെറുക്കിയെടുത്ത് അക്ഷരക്കൂട്ടങ്ങളാക്കി ജീവിത ഉച്ചഭാഷിണിയിലൂടെ അകത്തളങ്ങളിലേക്ക് പകർന്നു നൽകുന്ന 'ശരിയായ ജീവിതശബ്ദ'ത്തിന്റെ (റിയൽ ലൈഫ് വോയ്സിന്റെ) അംഗങ്ങൾക്ക് ക്രിസ്തുവിൽ സ്നേഹവന്ദനങ്ങൾ അറിയിക്കുന്നു.

മനുഷ്യർ പരസ്പരം തെറ്റുന്നതും പിണങ്ങുന്നതും ആരെങ്കിലും തെറ്റ് ചെയ്തതുകൊണ്ടല്ല, കൂടുതലും തെറ്റിദ്ധാരണ കൊണ്ടാണ്. തെറ്റ് തിരുത്താം. പക്ഷേ തെറ്റിദ്ധാരണ തിരുത്താൻ ബുദ്ധിമുട്ടാണ്. *(സോഷ്യൽ മീഡിയായിൽ കണ്ടത്)*

ഈ ലക്കത്തോടെ 'റിയൽ ലൈഫ് വോയ്സ്' 12 വർഷം പൂർത്തിയാക്കുകയാണ്. കഴിഞ്ഞ 12 വർഷത്തിൽ ഈ പ്രവർത്തനത്തെ മുന്നോട്ടു നടത്തിയത് ദൈവകൃപ മാത്രമാണെന്നു ഞങ്ങൾ ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. (എഡിറ്റർ)

# നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ

## 2

പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

പഴയനിയമകാലഘട്ടത്തിൽ അന്നത്തെ ദൈവജനത്തിനു മാതൃക കാണിച്ചുകൊണ്ട് ജീവിച്ച സാക്ഷികളുടെ ഒരു പ്രത്യേക സമൂഹം ഉണ്ടായിരുന്നതുപോലെ പുതിയനിയമകാലഘട്ടത്തിലെ (കൃപായുഗത്തിലെ) ദൈവമക്കളുടെ കൂട്ടത്തിലും 'ക്രിസ്തുയേശുവിന്റെ നല്ല ഭടന്മാരായി' (2 തിമൊ.2:3) ദൈവമഹത്വത്തിനായി കഷ്ടം സഹിക്കുന്ന സാക്ഷികളുടെ ഒരു പ്രത്യേക സമൂഹം വാസ്തവത്തിൽ ഉണ്ടെന്നു ചിന്തിക്കുന്നതിന് ന്യായമുണ്ടെന്നു നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നവല്ലോ. പുതിയനിയമകാലത്തെ ഈ സാക്ഷികളുടെ സമൂഹത്തിലുള്ളവർക്കും എന്തുകൊണ്ടാണ് പഴയനിയമകാലഘട്ടത്തിലെ സാക്ഷികളെപ്പോലെ തന്നെ കഷ്ടത സഹിക്കേണ്ടിവരുന്നത് എന്ന കാര്യം പത്രോസപ്പൊസ്തലൻ തന്റെ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

1 പത്രൊസ് 4-ാം അദ്ധ്യായം ഒന്നാംവാക്യത്തിൽ "ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ" എന്നാണ് നാം വായിക്കുന്നത്. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകവും A D 312 വരെയുള്ള സഭാചരിത്രവും പരിശോധിച്ചു നോക്കിയാൽ ഇത് അങ്ങേയറ്റം സത്യമാണെന്നു നമുക്ക് ബോധ്യമാകും. അപ്പൊസ്തലികകാലത്തും അതിനുശേഷവും റോമാസാമ്രാജ്യത്തിലെ ക്രിസ്തീയവിശ്വാസികൾക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ എത്ര ഭയങ്കരമായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒന്നുരണ്ടു ചരിത്രസംഭവങ്ങൾ കൂടി താഴെ പ്രസ്താവിക്കുന്നു:

പൗലൊസപ്പസ്തൊലന് വധശിക്ഷ നൽകിയ നീറോചക്രവർത്തി അതിക്രൂരനായിരുന്നു. സ്വന്തം അമ്മയെയും ഭാര്യയെയും മക്കളെയും പോലും സംഹരിക്കാൻ ഇയാൾ മടി കാണിച്ചില്ല എന്നതാണ് ചരിത്രസത്യം. റോമാനഗരത്തിൽ വലിയ അഗ്നിബാധയുണ്ടാകയും നഗരത്തിന്റെ ഒരു ഭാഗം മുഴുവൻ നശിച്ചുപോകയും ചെയ്തപ്പോൾ, തീ വച്ചത് താനാണെന്നു ആരും സംശയിക്കാതിരിക്കാനായി ക്രിസ്ത്യാനികളാണ് അഗ്നിബാധയുണ്ടാക്കിയത് എന്നു ഇയാൾ ആരോപിക്കുകയും ക്രിസ്ത്യാനികളെ പിടികൂടി ശിക്ഷിക്കുവാൻ ഉദ്യോഗസ്ഥരോട് ആജ്ഞാപിക്കുകയും

ചെയ്തു. ഇതിനെത്തുടർന്ന് ക്രിസ്ത്യാനികളെ പിടിച്ച് വളരെ ക്രൂരമായി കൊല്ലുന്നത് വിഗ്രഹാരാധികളായിരുന്ന ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വിനോദമായിത്തീർന്നു.

ക്രിസ്തുവിൽ അർപ്പിച്ച വിശ്വാസം തള്ളിപ്പറയാൻ തയ്യാറാകുന്നില്ല എന്ന കുറ്റത്തിന് ചിലരെ കാട്ടുമൃഗങ്ങളുടെ തോൽ ധരിപ്പിച്ച് നായാട്ടുപട്ടികൾ കടിച്ചുകീറുന്നതിനായി എറിഞ്ഞുകൊടുത്തു; ചിലരെ ക്രൂശിൽ തറച്ച് ഭയങ്കരമായി വേദനിപ്പിച്ചു കൊന്നു; ചിലരെ വസ്ത്രം ചുറ്റിക്കെട്ടി എണ്ണയൊഴിച്ച് പന്തം കൊളുത്തി മെഴുകുതിരി കത്തിക്കുന്നതുപോലെ കത്തിച്ചുകൊന്നു; ഈ കൊടുംക്രൂരതകൾ നീറോ ചക്രവർത്തി നേരിൽ കണ്ട് രസിച്ചുനടന്നുവെന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

നീറോയുടെ പിൻഗാമികളായിരുന്ന വെസ്പേഷ്യൻ, ഡൊമിഷ്യൻ എന്നിവരും ക്രിസ്ത്യാനികളെ അതിഭയങ്കരമായ വിധത്തിൽ തന്നെയാണ് പീഡിപ്പിച്ചത്. ചക്രവർത്തിമാരുടെ നേതൃത്വത്തിൽ ക്രിസ്ത്യാനികൾക്കെതിരെ റോമാസാമ്രാജ്യത്തിൽ നടന്ന പീഡനങ്ങൾ 4–ാം നൂറ്റാണ്ടിന്റെ ആരംഭം വരെയും തുടർന്നു. ഈ കാലഘട്ടത്തിൽ രക്തസാക്ഷിമരണം വരിച്ച അനേകം ക്രിസ്തീയവിശ്വാസികളിൽ ഏതാനും ആളുകളുടെ പേരുകൾ ഇവിടെ പ്രത്യേകം എടുത്തുപറയുകയാണ്.

ബ്ലാന്തിനാ (Blandina) എന്ന അടിമപ്പെൺകുട്ടിയുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് യുസീബിയസ്സിന്റെ (Eusebius) ചരിത്രരേഖകളിൽ നിന്നാണ് നാം മനസ്സിലാക്കുന്നത്. ഇന്നത്തെ ഫ്രാൻസിന്റെ പല ഭാഗങ്ങളും 2–ാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. ആ പ്രദേശത്തെ ഗവർണറുടെ കല്പന പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട പലരിൽ ഒരാളായിരുന്നു ബ്ലാന്തിനാ. അവളെ ഒരു തൂണിന്റെ മുകളിൽ നിന്നു താഴേക്ക് കെട്ടിത്തൂക്കിയിട്ട് കാട്ടുമൃഗങ്ങളെ അവളുടെ നേരെ അഴിച്ചുവിട്ടു. പക്ഷേ ആ മൃഗങ്ങൾ അവളെ കടിച്ചുകീറുവാൻ മടികാണിച്ചു. തുടർന്ന് അവളുടെ പീഡകന്മാർ പലവിധത്തിൽ അതിക്രൂരമായി അവളെ ഉപദ്രവിച്ചു. ഇതെല്ലാം അനേകം ആളുകൾ കണ്ട് രസിച്ചുകൊണ്ടിരുന്നു.

വളരെയധികം സമയം അവളെ ഉപദ്രവിച്ചുകൊണ്ടിരുന്നുവെങ്കിലും അവൾ മരിച്ചില്ല. ഒടുവിൽ അവളെ ഒരു വലയ്ക്കുള്ളിലാക്കി നിലത്തു കെടുത്തിയിട്ട് ഒരു വലിയ കാളയെക്കൊണ്ട് ചവിട്ടി മെതിപ്പിച്ച് കൊന്നു. മരണം സംഭവിക്കുന്നതുവരെയും 'ഞാനൊരു ക്രിസ്ത്യാനിയാണ്' എന്നു അവൾ പറഞ്ഞുകൊണ്ടിരുന്നു. അനേകം മണിക്കൂറുകൾ നീണ്ടുനിന്ന കഠിനപീഡനം അവൾക്കു സഹിക്കേണ്ടിവന്നുവെങ്കിലും അത് അവളുടെ വിശ്വാസത്തിൽനിന്ന് അവളെ ഒട്ടും പിന്തിരിപ്പിച്ചില്ല.

കാർത്തേജിലെ (Carthage, Africa) പെർപെച്ച്വാ (Perpetua) എന്ന ചെറുപ്പക്കാരിയായിരുന്ന സ്ത്രീ എത്ര വലിയ ധീരതയോടുകൂടിയായിരുന്നു യേശുവിനെ ഏറ്റുപറഞ്ഞുകൊണ്ട് മരണം വരിച്ചത് എന്ന കാര്യം സഭാപിതാക്കന്മാരിൽ ഒരാളായ തെർത്തുല്യൻ (Tertullian) വിവരിച്ചിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട് തടവുശിക്ഷ സഹിക്കേണ്ടിവന്ന ഈ സഹോദരിക്ക് അല്പം മാത്രം പ്രകാശം കടക്കുന്ന ഒരു മുറിയിലാണ് കഴിയേണ്ടിവന്നത്. എങ്കിലും ആ ജയിലിൽ വച്ച് തനിക്ക് സഹിക്കേണ്ടി വന്ന പീഡനങ്ങൾ ഒരു ചെറിയ നോട്ടുബുക്കിൽ എഴുതിവയ്ക്കാൻ അവൾക്ക് സാധിച്ചു.

അവളെ പരസ്യമായി വധശിക്ഷയ്ക്കു വിധേയമാക്കേണ്ട ദിവസം ആയപ്പോൾ ബ്ലാന്തിനായുടെ കാര്യത്തിൽ നടത്തിയ പീഡനമുറയ്ക്ക് അവളെയും വിധേയമാക്കി. അവളെ ബന്ധിച്ച്, വലയ്ക്കുള്ളിലാക്കി മൃഗത്തെക്കൊണ്ട് ചവിട്ടിമെതിപ്പിച്ചു. എന്നിട്ടും മരിക്കാതിരുന്നപ്പോൾ മൃഗത്തെ നിയന്ത്രിച്ചിരുന്ന പടയാളി കുന്തംകൊണ്ട് അവളുടെ കഴുത്തിൽ കുത്താൻ ഒരുമ്പെട്ടു. പക്ഷേ അയാളുടെ കൈ വല്ലാതെ വിറച്ചുപോയി എന്നും അപ്പോൾ പെർപ്പെച്ച്വാ ആ കുന്തത്തിന്റെ മുന തന്റെ കഴുത്തിൽ തൊടുവിച്ചുകൊടുത്ത് തന്റെ ശത്രുവിനെ സഹായിച്ചു എന്നുമാണ് അവളുടെ രക്തസാക്ഷിത്വത്തിന്റെ വിവരണത്തിൽ നാം കാണുന്നത്.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ റോമാസാമ്രാജ്യത്തിലെ ക്രിസ്തീയവിശ്വാസികൾ പ്രകടമാക്കിയ വിശ്വാസത്തിന്റെയും ദൈവനാമമഹത്വത്തിനായി കഷ്ടത സഹിക്കാൻ കാണിച്ച ധൈര്യത്തിന്റെയും ചെറിയ ഒരു അംശമെങ്കിലും ഇക്കാലത്ത് നമുക്കുണ്ടായിരുന്നുവെങ്കിൽ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ഇന്നു നാം നടത്തിക്കൊണ്ടിരിക്കുന്ന പ്രയത്നത്തിന്റെ അനേകായിരും മടങ്ങ് പ്രവർത്തിക്കാനുള്ള സന്മനസ്സും ത്യാഗമനോഭാവവും നാം പ്രകടമാക്കിയേനേ.

യേശുക്രിസ്തുവിന്റെ നല്ല ഭടന്മാരായി ദൈവമുമ്പാകെ നാം കാണപ്പെടണമെങ്കിൽ അവർ പ്രകടമാക്കിയ ധൈര്യവും ത്യാഗമനോഭാവവും നമ്മിലും കാണപ്പെടണം. അവരെക്കുറിച്ച് നാം അറിയുന്നതും അവരെ ഓർക്കുന്നതും ആ നിലയിൽ തീർച്ചയായും പ്രയോജനം ചെയ്യും. ■

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. (എഡിറ്റർ)

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

17

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*"എനിക്കും സർവ്വസഭയ്ക്കും അതിഥിസത്കാരം ചെയ്യുന്ന ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു. പട്ടണത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും സഹോദരനായ ക്വർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമർ 16:23).*

മൂന്നു പേരുടെ കൂടി വന്ദനം പൗലൊസ് റോമാസഭയെ അറിയിക്കുന്നു. പൗലൊസിന്റെ കൂടെയുള്ളവരാണ് ആ മൂന്നു പേരും. പൗലൊസിനോടൊപ്പം കർത്താവിനെ സേവിക്കുന്നതിൽ സംതൃപ്തി കണ്ടെത്തിയവരാണ് അവർ.

**ഗായൊസ്**

പൗലൊസിന്റെ ആതിഥേയൻ ആണ് ഗായൊസ്. അതായത് ഈ ലേഖനം എഴുതുന്ന സമയത്ത് പൗലൊസ് ഗായൊസിന്റെ അതിഥി ആയിരുന്നു. പൗലൊസിനെ മാത്രമല്ല സർവ്വസഭയെയും സത്കരിക്കാൻ മനസ്സുള്ളവനായിരുന്നു ഗായൊസ്. അതിഥിസത്കാരം നടത്തുക എന്നതു പല നിലകളിൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. സമയം, പണം, അദ്ധ്വാനം എല്ലാം വേണം. ഗായൊസിന് ഏതെങ്കിലും തരത്തിലുള്ള പാരിതോഷികം ഈ അതിഥികളിൽനിന്നു ലഭിക്കാനുള്ള സാധ്യതയുമില്ല. അങ്ങനെ കൂട്ടിക്കിഴിച്ചുനോക്കിയാൽ ഈ അതിഥിസത്കാരംകൊണ്ട് നഷ്ടം മാത്രമേ ഗായൊസിനുള്ളൂ.

പക്ഷേ ഗായൊസ് പൗലൊസിനെ വീട്ടിൽ കൈക്കൊണ്ടു. മറ്റു ദൈവമക്കൾക്കും അതിഥിസത്കാരം ചെയ്തു. അവർക്ക് മുറി ഒരുക്കി; ഭക്ഷണം ശരിയാക്കി; അവർക്കു വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഒരു നല്ല ആതിഥേയനായി ശുശ്രൂഷ ചെയ്തു. "സഹോദരപ്രീതി നിലനിൽക്കട്ടെ. അതിഥിസത്കാരം മറക്കരുത്" എന്നാണല്ലോ പ്രമാണം (എബ്രായർ 13:1). ഗായൊസിന് ഒരു നല്ല കൺവൻഷൻ പ്രസംഗകൻ ആകാനോ, എഴുത്തുകാരൻ ആകാനോ, ഗായകൻ ആകാനോ കഴിഞ്ഞില്ലായിരിക്കാം. പക്ഷേ അവൻ നല്ലൊരു ആതിഥേയനായിരുന്നു.

ഗായൊസിനെ സ്നാനപ്പെടുത്തിയത് പൗലൊസ് ആയിരുന്നു (1 കൊരിന്ത്യർ 1:15). പക്ഷേ അക്കാരണത്താലല്ല അവൻ പൗലൊസിന് അതിഥിസത്കാരം നടത്തിയത്. അതിഥിപ്രിയനായ ഗായൊസ് ആരെയും അതിഥിയായി സ്വീകരിക്കാൻ തയ്യാറുള്ളവനായിരുന്നു. ഗായൊസിന്റെ ഈ സ്വഭാവം വളരെ പ്രശസ്തമായിരുന്നു. അതേപ്പറ്റി അപ്പൊസ്തലനായ യോഹന്നാൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "പ്രിയനേ, നീ സഹോദരന്മാർക്കും വിശേഷാൽ അതിഥികൾക്കും വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും വിശ്വസ്തത കാണിക്കുന്നു. അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിന് സാക്ഷ്യം പറഞ്ഞിരിക്കുന്നു..." (3 യോഹന്നാൻ 1:5-6).

ഹാ! എത്ര മനോഹരമായ സാക്ഷ്യം! അർത്തെമിസ്ദേവിയുടെ ഭക്തന്മാർ കോപഭ്രാന്ത് മുഴുത്ത് പൗലൊസിനെ അന്വേഷിച്ചപ്പോൾ കയ്യിൽ കിട്ടിയത് മറ്റു രണ്ടുപേരെയായിരുന്നു. അതിൽ ഒന്ന് ഈ ഗായൊസ് ആയിരുന്നു (അപ്പൊ.പ്രവൃ.19:28,29). അവരുടെ കയ്യിൽ അകപ്പെട്ടുവെങ്കിലും ദൈവം അവനെ വിടുവിച്ചു. "ഞാനിനി ഈ പണിക്കില്ലായേ..."എന്നു പറഞ്ഞു ഗായൊസ് പിൻവാങ്ങിയില്ല. അവൻ സഹോദരവർഗ്ഗത്തെ സ്നേഹിക്കുകയും അവരെ വീട്ടിൽ സ്വീകരിക്കുകയും ചെയ്തു. ക്രൈസ്തവസഭയിൽ അവൻ ഉറച്ചുനിന്നു. യോഹന്നാൻ പറയുന്നത് നോക്കുക: "സഹോദരന്മാർ വന്ന്, നീ സത്യത്തിൽ നടക്കുന്നു എന്നു നിന്റെ സത്യത്തിന് സാക്ഷ്യം പറകയാൽ ഞാൻ അത്യന്തം സന്തോഷിച്ചു" (3 യോഹന്നാൻ 1:3).

*(അപ്പൊസ്തലപ്രവൃത്തികൾ, റോമർ, 1 കൊരിന്ത്യർ, 3 യോഹന്നാൻ എന്നീ നാലു പുസ്തകങ്ങളിലും കാണുന്ന ഗായൊസ് ഒരാളാണെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു.)*

ദൈവമക്കൾക്ക് എപ്പോഴും കയറിച്ചെല്ലാനായി തുറന്നിട്ടിരിക്കുന്ന ഭവനമായിരുന്നു ഗായൊസിന്റേത്. അവൻ ഒരിക്കൽ അവന്റെ ഹൃദയം കർത്താവിനായി തുറന്നു. അതിനുശേഷം വിശ്വാസികൾക്കുവേണ്ടി അവൻ സ്വന്തം ഭവനം തുറന്നിട്ടു. നിരവധി ദൈവമക്കളെ അവൻ പുഞ്ചിരിയോടുകൂടി സ്വീകരിച്ചു. അവർക്കു വച്ചുവിളമ്പി; അവരോട് ഹൃദ്യമായി സംസാരിച്ചു. ഗായൊസിന്റെ അതിഥികൾ സംതൃപ്തരായിരുന്നു. വീണ്ടും വീണ്ടും അവന്റെ വീട്ടിലേക്ക് ചെല്ലുവാൻ ഉള്ള ആഗ്രഹം ബാക്കി നിറുത്തിയാണ് അതിഥികൾ അവിടെനിന്നും മടങ്ങിപ്പോകുന്നത്. ഇത്തരം അതിഥികളുടെ സാക്ഷ്യത്തിന്റെ ബലത്തിലാണ് യോഹന്നാൻ തന്റെ മൂന്നാം ലേഖനത്തിൽ ഗായൊസിനെ ഇത്രമാത്രം ശക്തമായി പിന്താങ്ങി സംസാരിക്കുന്നത്.

യാതൊരു അതൃപ്തിയോ മുറുമുറുപ്പോ ഗായൊസ് അതിഥികളോട് കാണിച്ചില്ല. വാക്കുകളിലൂടെയോ നോട്ടത്തിലൂടെയോ അംഗവിക്ഷേപങ്ങ

ളിലൂടെയോ ഗായൊസ് തന്റെ അതിഥികളെ മുറിവേൽപ്പിച്ചില്ല. അവന്റെ വീട്ടിൽ വരുന്ന അതിഥികളുടെ സന്തോഷത്തിന് അവൻ പ്രാധാന്യം കൊടുത്തു. അവരുടെ സംതൃപ്തി ആയിരുന്നു അവന്റെയും സംതൃപ്തി. തന്റെ വീട്ടിൽ വരുന്ന ഒരു വിശ്വാസിയുടെയും മനസ്സു വിഷമിപ്പിക്കുന്ന സാഹചര്യം ഉണ്ടാവരുതെന്ന് ആ സഹോദരൻ നിശ്ചയിച്ചിരുന്നു. ഗായൊസിൽ നിറഞ്ഞു നിന്നിരുന്ന സഹോദരപ്രീതിയുടെ ഉപോത്പന്നമായിരുന്നു അവന്റെ അതിഥിസത്കാരം എന്നു പറയാം.

ഗായൊസിന്റെ ഭക്ഷണത്തിന്റെ ഒരു പങ്ക് പൗലൊസിന് ലഭിച്ചു. പൗലൊസിന് ലഭിക്കുന്ന തല്ലിന്റെ ഒരു പങ്ക് ഗായൊസിനും ലഭിച്ചു (അപ്പൊ.പ്രവൃ.28,29). തല്ല് വാങ്ങുന്ന അതിഥികളും, അവരെ സത്കരിച്ച് തല്ലുകൊള്ളുന്ന ആതിഥേയനും! കാൽവരിയിലെ കുരിശിൽ കർത്താവ് ചോര ചിന്തിയത് തങ്ങൾക്കുവേണ്ടിയാണെന്നും, തങ്ങൾ ഒരു പിതാവിന്റെ മക്കളാണെന്നുമുള്ള ചിന്തകൾ അവരെ ഭരിച്ചിരുന്നതുകൊണ്ട് അവർ എല്ലാം സന്തോഷത്തോടെ ചെയ്തു; ദൈവമുമ്പാകെ നന്ദിയോടുകൂടെ ജീവിക്കുകയും ചെയ്തു.

പ്രിയരേ, നിങ്ങളുടെ വീട്ടിൽ വരുന്ന ദൈവമക്കളോട് നിങ്ങളുടെ പെരുമാറ്റം എങ്ങനെയെന്ന് ഈ അവസരത്തിൽ ചിന്തിക്കുക. ഞാൻ എന്റെ അനുഭവം പറയട്ടെ; ചുരുക്കം ചില ഭവനങ്ങളിൽനിന്ന് എനിക്ക് മുറിവേറ്റവനായി പോകേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും വീട്ടിലേക്ക് ചെല്ലുമ്പോൾ, "ഞങ്ങൾ ചെല്ലുന്നത് ആ കുടുംബത്തിന് സന്തോഷമാകണേ, കർത്താവേ" എന്നു ഞാനും ഭാര്യയും പ്രാർത്ഥിക്കാറുണ്ട്. ഞങ്ങളുടെ വീട്ടിൽ വരുന്നവരെ മാനിക്കാൻ ഞങ്ങൾ പരമാവധി ശ്രദ്ധിക്കാറുണ്ട്. കനത്ത ഭക്ഷണം കൊടുക്കുന്നുവെന്നല്ല, അവരുടെ വരവ് ഞങ്ങൾക്ക് സന്തോഷമാണ് എന്നു അവരെ ബോധ്യപ്പെടുത്തുന്നു - അവരോടൊപ്പം സന്തോഷത്തോടെ സമയം ചെലവഴിച്ചുകൊണ്ട്.

എല്ലാവരുടെയും ജീവിതം തിരക്കുള്ളതായതുകൊണ്ട്, ഗായൊസിന്റെ സഹോദരപ്രീതിയും അതിഥിസത്കാരവും ഇന്നത്തെ സഭകളിൽ അന്യം നിന്നു പോവുന്നതിനുള്ള സാധ്യത ഏറെയാണ്. പ്രിയരേ, ആദ്യം നമ്മിൽ സഹോദരപ്രീതി വളർത്തുക; അപ്പോൾ അതിഥിസത്കാരസ്വഭാവം താനേ ഉണ്ടായിക്കൊള്ളും. ■


**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ഹബക്കൂക് (പുസ്തകപഠനം)

22

**-എംവിഎസ്-**

**ഹബക്കൂക് 3:1**

*വിഭ്രമരാഗത്തിൽ ഹബക്കൂക് പ്രവാചകന്റെ ഒരു പ്രാർത്ഥനാഗീതം*

ആകെ മൂന്ന് അദ്ധ്യായങ്ങളുള്ള ഹബക്കൂകിന്റെ പ്രവചനപുസ്തകത്തിൽ ഓരോ അദ്ധ്യായത്തിലും എഴുത്തുകാരനായ ഹബക്കൂകിനെ വ്യത്യസ്ത നിലകളിലാണ് അവതരിപ്പിച്ചിരിക്കുന്നത്. 1:1 ൽ പ്രവാചകൻ; 2:1 ൽ കാവൽക്കാരൻ; 3:1 ൽ ഗാനരചയിതാവ്, ഗായകൻ. ദൈവകരങ്ങളിൽ വിവിധ നിലകളിൽ പ്രയോജനപ്പെട്ട ഒരു ദൈവദാസനായിരുന്നു ഹബക്കൂക്. കാവൽക്കാരൻ ആയി ജോലി ചെയ്യുമ്പോൾ തന്നെ പ്രവാചകനായും ഗാനരചയിതാവായും ഗായകനായും ശോഭിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഭൗമികജോലിയോടുള്ള ബന്ധത്തിൽ നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുമ്പോഴും ആത്മികമായ നിലയിൽ നമുക്കെന്തു ചെയ്യാൻ കഴിയും എന്നു ഓരോ വിശ്വാസിയും ചിന്തിക്കണം. ചെയ്യുന്ന ജോലി ആത്മാർത്ഥതയോടെ ചെയ്യുമ്പോഴും ദൈവികമായ കാര്യങ്ങൾക്ക് സമയം കണ്ടെത്തണം. ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും പോകാൻ സമയം വേർതിരിക്കുന്നതിൽ കുറവ് വന്നാലും ആത്മികകാര്യങ്ങൾക്ക് സമയം വേർതിരിക്കുന്നതിൽ വീഴ്ച സംഭവിക്കരുത്.

**വിഭ്രമരാഗം**

ഈ ഗാനം എഴുതിയത് വിഭ്രമരാഗത്തിലാണ്. വിഭ്രമരാഗത്തിന്റെ വിശദാംശങ്ങളൊന്നും നമുക്ക് ലഭ്യമല്ല. 'Shigionoth' എന്നാണ് ഇംഗ്ലീഷ്ബൈബിളിൽ കൊടുത്തിരിക്കുന്നത്. 7-ാം സങ്കീർത്തനം എഴുതിയിരിക്കുന്നത് ഈ രാഗത്തിലാണ്. ശത്രുവിന്റെ കയ്യിൽനിന്ന് രക്ഷിക്കാനുള്ള പ്രാർത്ഥനയും ദൈവത്തിലുള്ള ആശ്രയത്തിന്റെ ഏറ്റുപറച്ചിലുമാണ് 7-ാം സങ്കീർത്തനത്തിലുള്ളത്. ഹബക്കൂകും അതേ സാഹചര്യത്തിലാണ് നിൽക്കുന്നത്. അതുകൊണ്ട് ദാവീദ് വിഭ്രമരാഗത്തിൽ ഏഴാം സങ്കീർത്തനം എഴുതിയതുപോലെ ഈ പ്രാർത്ഥനാഗീതം ഹബക്കൂകും വിഭ്രമരാഗത്തിൽ എഴുതിയിരിക്കുന്നു.

### പ്രാർത്ഥനാഗീതം

ഹബക്കൂകിന്റെ പ്രാർത്ഥനാഗീതം എന്നു തുടക്കത്തിൽ തന്നെ പറഞ്ഞിരിക്കയാണ്. ഒന്നാം അദ്ധ്യായത്തിൽ പ്രവാചകൻ ദൈവത്തോട് ചില സങ്കടങ്ങൾ പറഞ്ഞിരുന്നു (1:13,14); രണ്ടാം അദ്ധ്യായത്തിൽ അതിന് ദൈവത്തിങ്കൽനിന്നു മറുപടി ലഭിച്ചു (2:2); മൂന്നാം അദ്ധ്യായത്തിൽ പ്രവാചകൻ ദൈവത്തോട് പ്രാർത്ഥനാഗീതം ആലപിക്കുകയാണ്. ദൈവത്തോടുള്ള സംസാരമാണ് പ്രാർത്ഥന. അത് സംസാരരൂപത്തിലോ സംഗീതരൂപത്തിലോ ആകാം. രണ്ടായാലും ദൈവത്തിനു സ്വീകാര്യമാണ്. ദാവീദിന്റെ പ്രാർത്ഥനകൾ പലതും സംഗീതരൂപത്തിലായിരുന്നുവല്ലോ.

## ഹബക്കൂക് 3:2

*യഹോവേ ഞാൻ നിന്റെ കേൾവി കേട്ട് ഭയപ്പെട്ടുപോയി. യഹോവേ ആണ്ടുകൾ കഴിയുംമുമ്പേ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ. ആണ്ടുകൾ കഴിയുംമുമ്പേ അതിനെ വെളിപ്പെടുത്തേണമേ. ക്രോധത്തിങ്കൽ കരുണ ഓർക്കേണമേ.*

### നിന്റെ കേൾവി കേട്ട് ഭയപ്പെട്ടുപോയി.

1–ാം അദ്ധ്യായത്തിൽ തന്റെ ജനത്തിനെതിരെ കൽദയരെ കൊണ്ടുവരുന്ന കാര്യം ദൈവം അരുളിച്ചെയ്തു. 2–ാം അദ്ധ്യായത്തിൽ ആ കൽദയരുടെ മേൽ ദൈവം ന്യായവിധി വരുത്തും എന്നും ദൈവം അരുളിച്ചെയ്തു. എങ്കിലും ഒന്നാമത് കേട്ട കാര്യത്തിലുള്ള വിഷമം/ഭയം ഹബക്കൂകിനെ ഒഴിഞ്ഞുമാറുന്നില്ല. ദൈവജനത്തിന്റെ മേൽ വരുന്ന ന്യായവിധിയെക്കുറിച്ചാണല്ലോ അദ്ദേഹം ആദ്യം കേട്ടത്.

ദൈവജനത്തിന്റെ മേൽ വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് സങ്കടപ്പെടുന്ന പ്രവാചകനെ നമുക്ക് അനുകരിക്കാം. കാരണം ഇന്ന് ദൈവജനം ഏറ്റവും അധഃപതിച്ച നിലയിലാണ്. വചനം ശരിയായി പഠിപ്പിക്കേണ്ടവർ സുഖലോലുപന്മാരും മുഖം നോക്കുന്നവരും (പക്ഷഭേദം കാണിക്കുന്നവരും) ആയിത്തീർന്നിരിക്കുന്നു. ശുശ്രൂഷകൾ വെറും പ്രകടനങ്ങൾ (performance) ആയിത്തീർന്നിരിക്കുന്നു. പലരുടെയും ശുശ്രൂഷകളുടെ ലക്ഷ്യം ആത്മികവർദ്ധനവല്ല, മാർക്കും അംഗീകാരവും നേടുക എന്നതാണ് – ഒരു മത്സരത്തിലെന്നപോലെ!

ദൈവം നീതിമാനാണ്. അതുകൊണ്ട് തന്റെ ജനത്തിന്റെ തെറ്റുകൾക്കു നേരെ ദൈവം കണ്ണടയ്ക്കുകയില്ല. 2023 നവംബറിൽ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നവകേരളയാത്രയുടെ ആഡംബരബസ്സിനുനേരെ പ്രതിപക്ഷത്തെ ചില യുവാക്കൾ കരിങ്കൊടി കാണിച്ചപ്പോൾ

മുഖ്യമന്ത്രിയുടെ അനുയായികൾ അവരെ തല്ലിച്ചതച്ചു. ചെടിച്ചട്ടികൊണ്ടും ഹെൽമറ്റുകൊണ്ടും അവരെ മർദ്ദിച്ചു. ഈ സംഭവത്തിന്റെ വീഡിയോ വളരെ വ്യത്തിയായി ചാനലുകൾ കാണിച്ചിരുന്നു. അക്രമികൾക്കെതിരെ വധശ്രമത്തിന് പോലീസ് കേസെടുക്കുകയും ചെയ്തു. പക്ഷേ മുഖ്യമന്ത്രി അക്രമികളെ ന്യായീകരിക്കുകയും പ്രശംസിക്കുകയും ആണ് ചെയ്തത്. വണ്ടിയുടെ മുൻപിലേക്ക് ചാടിവീണവരെ തള്ളിമാറ്റി രക്ഷിക്കുന്ന ജീവൻരക്ഷാരീതിയാണ് ഡിവൈഎഫ്ഐക്കാർ സ്വീകരിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്.

വീഡിയോകളിൽ കാര്യങ്ങൾ വ്യക്തമായിരുന്നിട്ടും, അത് കാണുന്നവർ എല്ലാവരും രാഷ്ട്രീയതിമിരം ബാധിച്ച കോവർകഴുതകളല്ല എന്ന് അറിയാമായിരുന്നിട്ടും, 78 വയസ്സുള്ള നല്ല അറിവും അനുഭവജ്ഞാനവും പ്രായവും പക്വതയും ഉള്ള മുഖ്യമന്ത്രി തന്റെ അനുയായികളെ അന്ധമായി പിന്തുണച്ചത് കണ്ടില്ലേ? സ്വന്തം അനുയായികളെ ന്യായീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന, ഏതൊരു നേതാവും ചെയ്യുന്ന കാര്യമേ അദ്ദേഹവും ചെയ്തുള്ളൂ. പക്ഷേ നമ്മുടെ ദൈവം ഇതുപോലെയുള്ള സ്വഭാവം കാണിക്കുന്നവനല്ല. ദൈവം നീതിമാനാണ്. തെറ്റുകൾക്കു നേരെ കണ്ണടയ്ക്കുകയില്ല. തെറ്റിനെ സംരക്ഷിക്കാനും ന്യായീകരിക്കാനും നോക്കുകയുമില്ല.

**ആണ്ടുകൾ കഴിയുംമുമ്പേ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ**

നിന്റെ പ്രവൃത്തി = യിസ്രായേൽജനം

യിസ്രായേൽജനത്തെ കൽദയർ അടിമകളായി കൊണ്ടുപോകും എന്ന ദൈവിക അരുളപ്പാട് കേട്ട് ഭയപ്പെട്ടും വിഷമിച്ചും പോയ പ്രവാചകൻ, അധികം വർഷങ്ങൾ കഴിയുന്നതിനുമുമ്പ് യിസ്രായേൽജനത്തെ വീണ്ടെടുക്കേണമേ എന്നു പ്രാർത്ഥിക്കുന്നു. പ്രവാസത്തിൽ പോകുന്ന ജനം ചത്തതിന് തുല്യമാണ്. അതുകൊണ്ട് അവരെ ജീവിപ്പിക്കേണമേ എന്നാണ് പ്രവാചകന്റെ പ്രാർത്ഥന. വീണ്ടെടുക്കേണമേ എന്നു സാരം.

**ക്രോധത്തിങ്കൽ കരുണ ഓർക്കേണമേ**

ദൈവം തന്റെ ജനത്തിന്റെ നേരെ ക്രോധം കൊണ്ട് ജ്വലിക്കുമ്പോഴും ദൈവം കാരുണ്യവാൻ ആണെന്ന കാര്യം കൂടി ഓർക്കേണമേ എന്നാണ് അദ്ദേഹം പ്രാർത്ഥിക്കുന്നത്. ദൈവം ഹബക്കൂകിന്റെ പ്രാർത്ഥന കേട്ടതായി ബൈബിളിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. കല്ദയർ വന്നു ദൈവജനത്തെ കീഴടക്കി (2 ദിന.36:15–20); പിന്നീട് അവരെ പാർസിരാജ്യം കീഴടക്കി (36:20); അവരെ മടക്കിവരുത്തി (36:22–23). ദൈവം തന്റെ മക്കളുടെ പ്രാർത്ഥന കേൾക്കുന്നവനാണ്.

എംവിഎസ്

# ചൈതന്യക്കുലർ

24

## ആ പ്ലസ് വൺ വിദ്യാർത്ഥിക്ക് അഭിനന്ദനങ്ങൾ!

**പ്ലസ് വൺ വിദ്യാർത്ഥി അദ്ധ്യാപകനെ പ്രിൻസിപ്പലിന്റെ മുന്നിലിട്ട് മർദ്ദിച്ചു.** കലോത്സവ പരിശീലന സ്ഥലത്ത് കറങ്ങിനടന്നതിന് ശകാരിച്ച അധ്യാപകനെ പ്ലസ് വൺ വിദ്യാർത്ഥി മർദ്ദിച്ചു പരിക്കേൽപിച്ചു. വിദ്യാർഥിയുടെ ആക്രമണത്തിൽ അദ്ധ്യാപകന്റെ കൈക്കുഴ വേർപെട്ടു. പെൺകുട്ടികൾ പരിശീലനം നടത്തുന്ന സ്ഥലത്ത് കറങ്ങി നടന്ന വിദ്യാർഥികളിൽ ചിലരെ ശകാരിച്ച് പ്രിൻസിപ്പലിന് മുന്നിലെത്തിച്ചപ്പോഴാണ് സംഭവം. വിദ്യാർഥി അധ്യാപകന്റെ കൈ പിന്നിലേക്ക് തിരിച്ച് പുറത്ത് ചവിട്ടുകയായിരുന്നുവെന്ന് പറയുന്നു. കുറ്റിപ്പുറം പേരശ്ശനൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിലാണ് സംഭവം. *(29-10-2023 ലെ പത്രവാർത്ത)*

പ്ലസ് വൺ പഠിക്കുന്ന മോനേ, നിനയ്ക്കെന്റെ അഭിനന്ദനങ്ങൾ! ഒന്നാമത് നീയൊരു തെറ്റും ചെയ്തിട്ടില്ല. ക്ലാസ്സിൽ കയറാതെ കറങ്ങിനടക്കാനുള്ള നിന്റെ അവകാശത്തെ ഇല്ലാതാക്കാൻ ആ മാഷിന് എന്ത് അവകാശം? ആരാണയാൾ? പെൺകുട്ടികൾ പരിശീലനം നടത്തുന്ന സ്ഥലത്ത് ചെന്നു നിന്നുവത്രേ! അതിന്? ഈ മാഷ് സദാചാരഗുണ്ടയാണോ? ലിംഗസമത്വത്തിനുവേണ്ടി സകല ബുദ്ധിജീവികളും ഒന്നടങ്കം സ്വരമുയർത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ പെൺകുട്ടികളുടെ പരിശീലനസ്ഥലത്ത് ചെന്നു നിന്ന ഒരു പാവത്തെ ശകാരിക്കുകയോ! അതും പോരാഞ്ഞ് ആ പാവം ചെറുക്കനെ പ്രിൻസിപ്പലിന്റെ അടുത്തേക്ക് കൊണ്ടുവന്നിരിക്കുന്നു!

ആ പ്ലസ് വൺ വിദ്യാർത്ഥിയുടെ കണ്ട്രോൾ നഷ്ടപ്പെട്ടതിന് അവനെ എങ്ങനെ കുറ്റം പറയാൻ കഴിയും? ക്ലാസ്സിൽ കയറിയില്ല, കറങ്ങിനടന്നു, പെൺകുട്ടികളുടെ പരിശീലനസ്ഥലത്ത് പോയി നിന്നു... ഇത്രയും നല്ല കാര്യങ്ങൾ ചെയ്തതിന് അവന്റെ മെക്കട്ട് കയറിയ ആ യുവഅദ്ധ്യാപകനെ അവൻ കായികമായി നേരിട്ടു. കൈ പുറകിലേക്ക് തിരിച്ച് നടുംപുറത്ത് ഒറ്റ ചവിട്ട്! ഹല്ല പിന്നെ! മേലാൽ ആ അദ്ധ്യാപകൻ സദാചാരം പറയരുത്. സ്കൂൾ കോമ്പൗണ്ടിൽ കറങ്ങിനടക്കുന്നവരെ ശകാരിക്കരുത്.

പ്ലസ് വൺ മോനേ, ഞാൻ നിന്നെ വീണ്ടും അഭിനന്ദിക്കുന്നു. എന്തിനാണെന്നോ? കുട്ടികളെ തല്ലരുത്, ചൂരൽ വേണ്ട, അവരെ ക്ലാസ്സിന്റെ പുറത്ത് നിർത്തുകയോ മറ്റു ശിക്ഷാപരിപാടികളോ പാടില്ല, കുട്ടികളെ തല്ലിയ അദ്ധ്യാപകനെ അറസ്റ്റ് ചെയ്യണം എന്നിങ്ങനെയുള്ള വിചിത്രമായ ആശയങ്ങൾ ഇവിടെ നടപ്പാക്കാൻ നിയമം കൊണ്ടുവന്ന ഇന്നാട്ടിലെ തലയ്ക്ക് വെളിവ് നഷ്ടപ്പെട്ട കുറെ ശിശുക്ഷേമക്കാരുടെയും ബാലാവകാശക്കാരുടെയും മനഃശ്ശാസ്ത്രജ്ഞന്മാരുടെയും മനോരോഗവിദഗ്ദന്മാരുടെയും കൗൺസിലേഴ്സിന്റെയും തിയറികളുടെ ഔട്ട്പുട്ട് (ഫലം) ഇങ്ങനെയൊക്കെയാണെന്ന് തെളിയിച്ചതിനാണ് ഞാൻ നിനക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നത്.

ഒരേ സമയം കുട്ടികൾക്ക് അനുകൂലവും അദ്ധ്യാപകർക്ക് പ്രതികൂലവുമായ നിയമങ്ങളാണ് ഇവിടെ കുറെ പേർ പടച്ചുവിടുന്നത്. ഈ നിയമങ്ങളെ പേടിച്ച്  പല അദ്ധ്യാപകരും കുട്ടികളുടെ തെമ്മാടിത്തരങ്ങളുടെ നേരെ കണ്ണടയ്ക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇവിടെ വിദ്യാർത്ഥി അദ്ധ്യാപകനെ മർദ്ദിച്ചതുകൊണ്ടാണ് ഈ വിഷയം ഇത്ര ലഘൂകരിക്കപ്പെട്ടത്. മറിച്ചായിരുന്നുവെങ്കിൽ, അതായത് അദ്ധ്യാപകൻ വിദ്യാർത്ഥിയെ ആണ് മർദ്ദിച്ചിരുന്നതെങ്കിൽ, ഹെന്റെ പൊന്നേ! എല്ലാവരുംകൂടി ഈ ഭൂഗോളമെടുത്ത് കീഴ്മേൽ മറിക്കുമായിരുന്നു!

ഇന്ത്യയുടെ മൂന്നിരട്ടി വലുപ്പമുണ്ട് ചൈനയ്ക്ക്; എന്നിരുന്നാലും ചൈനയിലെ ജനസംഖ്യയെ നാം 2023 ൽ മറികടന്നു! ഇന്ന് ഇന്ത്യയാണ് ലോകത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ഉള്ള രാജ്യം. അതുകൊണ്ട് വിശേഷിച്ച് എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ നല്ല വിത്തുഗുണമുള്ള തലമുറ ഇവിടെ ഉണ്ടാകണം. അല്ലാതെ പെൺവാണിഭം, കഞ്ചാവ്, മാലപൊട്ടിക്കൽ, ക്വട്ടേഷൻ തുടങ്ങിയവുമായി നടക്കുന്നവരോ, മാതാപിതാക്കളെയും ഗുരുനാഥന്മാരെയും ബഹുമാനിക്കാതെ അവരുടെ നേരെ കയ്യോങ്ങുന്നവരോ, അദ്ധ്വാനത്തിന്റെയും സമ്പത്തിന്റെയും സത്യസന്ധതയുടെയും മൂല്യമറിയാത്തവരോ ആയ ഒരു തലമുറ ഇന്നാട്ടിൽ വളർന്നുവരുന്നതുകൊണ്ട് ആർക്ക് എന്ത് പ്രയോജനം?

മൊബൈലിലെ യാതൊരു പ്രയോജനവുമില്ലാത്ത വീഡിയോകൾ മാത്രം ഇരുപത്തിനാലു മണിക്കൂറും കണ്ട് കണ്ട് നിർഗുണന്മാരായിത്തീർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ ബാല്യം, കൗമാരം, യൗവനം...! പെട്ടെന്ന് പണക്കാരാകണമെന്ന മോഹവും എന്നാൽ അതിനൊത്ത് അദ്ധ്വാനിക്കാനുള്ള മനസ്സില്ലായ്മയും നിമിത്തം അവരിൽ പലരും ക്രിമിനൽ മനോഭാവമുള്ളവരായി മാറുന്നു. മാനസികാരോഗ്യം നഷ്ടപ്പെട്ട ഇന്നത്തെ തലമുറയുടെ പ്രത്യേകതകൾ നോക്കുക: പെട്ടെന്ന് ദേഷ്യം വരും, പെട്ടെന്ന് കര

യും, പെട്ടെന്ന് മറ്റുള്ളവരെ അടിക്കും, കൊല്ലും, പെട്ടെന്ന് മരിക്കണമെന്ന ചിന്ത അവരെ വേട്ടയാടും, ഉടനെ ആത്മഹത്യ ചെയ്യും... എന്തൊരു തലമുറയാണിത്?

ഗുണദോഷിക്കുന്നത് ഇഷ്ടമല്ല, പഠിക്കാൻ പറയുന്നത് ഇഷ്ടമല്ല, പെട്ടെന്ന് ദേഷ്യം വരുന്നതു കാരണം ആരുടെയും കീഴിൽ ജോലി ചെയ്യാൻ താത്പര്യമില്ല, ചിട്ടയോടെ കാര്യങ്ങൾ ചെയ്യാനുള്ള ക്ഷമയില്ല, സമ്പാദ്യശീലമില്ല. ആകെക്കൂടിയുള്ളത് ദേഷ്യവും സങ്കടവും മാത്രം. ഇക്കൂട്ടർക്ക് പെട്ടെന്ന് ദേഷ്യം വന്നാൽ, മുന്നിൽ നിൽക്കുന്നത് അപ്പനായാലും അദ്ധ്യാപകനായാലും തല്ലിയിരിക്കും. (മുന്നിൽ നിൽക്കുന്നത് പോലീസാണെങ്കിൽ ഇവന്മാർ നല്ല ക്ഷമ കാണിക്കാറുണ്ട്. അപ്പോൾ ദേഷ്യം വരില്ല. അതായത്, കൊടുത്താൽ തിരിച്ച് ഇങ്ങോട്ടു കിട്ടും എന്നു ഉറപ്പുള്ളിടത്ത് ഇവർ നല്ല കുട്ടികളാണ്, കുഞ്ഞാടുകളാണ്.)

ഇവരുടെ കല്യാണം കഴിഞ്ഞാലുള്ള സ്ഥിതി പറയാതിരിക്കുകയാണ് ഭേദം. എന്നും തല്ലും വഴക്കും പോലീസും കോടതിയും! ദേഷ്യം പെട്ടെന്നല്ലേ വരുന്നത്, എന്തു ചെയ്യാൻ കഴിയും? ചൈനയേക്കാൾ അധികം ജനങ്ങൾ ഇന്ത്യയിൽ ഉണ്ടായിട്ടും ചൈന ഇന്ത്യയെ പേടിക്കുന്നില്ലെന്നു തോന്നുന്നു. ഇന്ത്യയിലെ വളർന്നു വരുന്ന മാനവ വിഭവം (human resource) ഈ നിലയ്ക്കല്ലേ? ഇവിടെ ആദ്യം ഉണരേണ്ടത് മാതാപിതാക്കളോ അദ്ധ്യാപകരോ അല്ല, അധികാരികളാണ്. ആവശ്യമില്ലാത്ത നിയമങ്ങൾ നെയ്തുണ്ടാക്കി തലമുറയെ നശിപ്പിക്കുന്നവർ! അതുപോലെ നമ്മുടെ കോടതികളുടെ പല വിധികളും അഭിപ്രായം പറച്ചിലും പുതുതലമുറയുടെ നാശത്തിന് കാരണമാകുന്നു എന്ന അഭിപ്രായവും പലർ പങ്കുവച്ച് കേട്ടിട്ടുണ്ട്.

ഒരു വിദ്യാർത്ഥിയെ പേടിച്ച് അദ്ധ്യാപകരോ വീട്ടുകാരോ കഴിയുന്നുണ്ടെങ്കിൽ ആ കുട്ടിയെക്കൊണ്ട് ഒരു ഉപകാരവും ആർക്കും ഉണ്ടാകാൻ പോകുന്നില്ല. ആകാശത്തുനിന്നു വല്ല തീയും ഇറങ്ങി ആ കുട്ടി ദഹിച്ച് വെണ്ണീറാകുന്നതാണ് നല്ലത്. ആനയെ പാപ്പാന്മാർക്ക് പേടിയാണെങ്കിൽ ആ ആന അത്യന്തം അപകടകാരിയായിത്തീരും. അതിനെ വെടിവച്ചു വീഴ്ത്തുന്നതാണ് നല്ലത്. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം. അനുസരിക്കേണ്ടവരെ അനുസരിക്കണം. അവനവന്റെ ഉത്തരവാദിത്തങ്ങൾ ഭംഗിയായി ചെയ്യണം. ഇതിനൊക്കെ മനസ്സുള്ള കുട്ടികളെക്കൊണ്ടു മാത്രമേ നമ്മുടെ നാടിന് എന്തെങ്കിലും പ്രയോജനമുണ്ടാവുകയുള്ളൂ.

ഇന്നത്തെ പല ദുഷിച്ച നിയമസംഹിതകളുടെയും ഉപോത്പന്നമാണ് ആ പ്ലസ് വൺ വിദ്യാർത്ഥി. സ്വന്തം തെറ്റ് തിരിച്ചറിയാതെയും, അദ്ധ്യാപകന്റെ വിലയറിയാതെയും പെരുമാറിയത് അതുകൊണ്ടാണ്. അവനും അവനെപ്പോലുള്ള മറ്റു കുട്ടികൾക്കും നല്ല ബുദ്ധി വരട്ടെ.

# ഇമ്മാനുവിന്റെ സംശയങ്ങൾ 42

## എംവിഎസ്

## തുണിയില്ലാത്ത സന്യാസി!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

2023 നവംബർ 6 ലെ പത്രം വായിച്ചപ്പോൾ മുതൽ തുടങ്ങിയതാണ് അവന്റെ സംശയം. ഏതു നേരത്താണാവോ എനിക്ക് അവനോട് "ഇരുന്ന് പത്രം വായിക്കെടാ" എന്ന് കല്പിക്കാൻ തോന്നിയത്.

എന്റെ ഒരേയൊരു ആൺതരി, നാലാംക്ലാസ്സിൽ പഠിക്കുന്ന ഇമ്മാനുവിന്റെ കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. സംശയങ്ങളുടെ പൊതിച്ചോറും കൊണ്ടു നടക്കുന്നവൻ!

പത്രം വായിച്ചിട്ട് അവൻ ചോദിച്ച ചോദ്യം കേൾക്കണോ? "പപ്പാ, ദേ നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദിജി ഒരു സന്യാസിയുടെ മുമ്പിൽ കുമ്പിട്ടു നിക്ക്ണു"

''അതിന് നെനക്ക് എന്താടാ?'' ഞാൻ ദേഷ്യത്തോടെ ചോദിച്ചു.

"പപ്പാ, ആ സന്യാസിക്ക് തുണീം ഷഡ്ഡീം ഒന്നൂല്ല."

"ഛേ! വൃത്തികേട് സംസാരിക്കുന്നോടാ" എന്നു ചോദിച്ച് വടിയെടുത്ത് ഞാൻ ചെന്നപ്പോൾ, അവൻ ആ പത്രം അവിടെയിട്ട് പുറത്തേക്കോടി.

ഞാൻ പത്രമെടുത്ത് നോക്കിയപ്പോൾ സംഗതി ശരിയാണ്. ചിത്രത്തിന്റെ അടിക്കുറിപ്പ് ഞാൻ വായിച്ചു



*ഛത്തീസ്ഗഢിലെ ഡോൺഗർഗഢിൽ ദിഗംബര സന്യാസി ആചാര്യ ശ്രീ വിദ്യാസാഗർജി മഹാരാജ് ജിയെ വണങ്ങുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി.*

പത്രവാർത്ത വായിച്ച എന്റെ ഭാര്യ എന്നോട് ചൂടായി. "കുട്ടി ഓരോ സംശയം ചോദിക്കുമ്പോഴേക്കും അവനെ തല്ലാൻ ചെല്ലുകയല്ല വേണ്ടത്. ആ സംശയത്തിന് ഉത്തരം പറഞ്ഞു കൊടുക്കണം"

"എന്നാ നീയങ്ങ് പറഞ്ഞുകൊടുത്തോ"

"പിന്നെ, എനിക്ക് ഇപ്പൊ അതിനല്ലേ നേരം.. അടുക്കളേൽ പണീണ്ട്" എന്നു പറഞ്ഞ് എന്നെ നോക്കി അർത്ഥം വച്ച് ഒന്നു ചിരിച്ച് അവൾ പോയി.

ഇറ്റ്യാനംചേടത്തിയും അന്ത്രോസ്ബ്രദറും പരസ്പരം കണ്ടുമുട്ടിയാൽ തീപ്പൊരി ചിതറും. മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം കേട്ടിട്ടാകണം, രണ്ടു പേരും എന്റെ വീട്ടുമുറ്റത്തേക്ക് വന്നു.

അപ്പോഴേക്കും പത്രത്തിൽ വന്ന ചിത്രം ഇമ്മാനു മൂപ്പന് കാണിച്ചു കൊടുത്തിരുന്നു.

''മൂപ്പനങ്കിൾ, ഇയാൾക്ക് ഒരു ഷെഡ്ഡിയെങ്കിലും...''

"ഢാാാാ..." ഞാനലറി.

"ഇമ്മാനു.." മൂപ്പൻ ശാന്തനായി വിളിച്ചു. "ഇത് ദിഗംബരസന്യാസിയാണ്. ജൈനമതത്തിലെ സന്യാസി"

"ജൈനമതത്തിൽ രണ്ടു വിഭാഗങ്ങളുണ്ട്. ദിഗംബരാ, ശ്വേതംബരാ"

''അംബരം എന്നു പറഞ്ഞാൽ വസ്ത്രം എന്നാണർത്ഥം. ദിഗംബരാ എന്നു പറഞ്ഞാൽ ദിക്കുകൾ വസ്ത്രമായിട്ടുള്ളവൻ എന്ന് അർത്ഥം വരുന്നു. അതായത്, ദിക്കുകളാണത്രേ ഇവരുടെ വസ്ത്രം! അതുകൊണ്ട് ഇവർ നഗ്നരായി നടക്കുന്നു"

"അയ്യേ" എന്നു പറഞ്ഞ് ഇറ്റ്യാനംചേടത്തി മൂക്കത്ത് വിരൽ വച്ചു.

''അംബരം എന്ന വാക്കിന് ആകാശം എന്നർത്ഥം കൂടിയുണ്ട്. അതുകൊണ്ട് ദിഗംബരാ എന്നു പറഞ്ഞാൽ ആകാശം വസ്ത്രമായി ധരിക്കുന്നവർ എന്നാണ് അർത്ഥമെന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്"

''ഏത് അർത്ഥമെടുത്താലും, അവർ നഗ്നരാണ്"

"ശ്വേതംബരാ വിഭാഗത്തിൽ പെട്ടവർ അങ്ങനെയല്ല, ശ്വേത എന്നാൽ വെളുത്ത എന്നും അംബരം എന്നാൽ വസ്ത്രം എന്നും അർത്ഥം. ശ്വേതംബരാ വിഭാഗത്തിൽ പെട്ട ജൈനമതക്കാർ വെളുത്ത വസ്ത്രം ധരിക്കുന്നവരാണ്"

"ഇതിൽ ദിഗംബരാ വിഭാഗത്തിൽ പെട്ട സന്യാസിയുടെ അടുത്താണ് നമ്മുടെ പ്രധാനമന്ത്രി പോയത്"

ഉടനെ അന്ത്രോസ്ബ്രദറിന്റെ കമന്റ്: ''ഫോട്ടോ എടുത്തയാൾ നേരെ മുന്നിൽ നിന്ന് ഫോട്ടോ എടുക്കാഞ്ഞത് നന്നായി"

അപ്പോഴേക്കും ഇമ്മാനുവിന്റെ അടുത്ത സംശയം വന്നു. ''മൂപ്പനങ്കിൾ, നമ്മുടെ പ്രധാനമന്ത്രിക്ക് ഇത്ര ബഹുമാനോം ആരാധനേം അങ്ങേരോടുണ്ടെങ്കിൽ, പ്രധാനമന്ത്രിയും തുണിയില്ലാതെ ദിഗംബരാ ആയി നടക്കേണ്ടതല്ലേ?"

"ഢാാാാ.."ഞാൻ വീണ്ടും അലറി.

"ഒന്നു അലറാതിരിക്ക്... കുട്ടിക്ക് സംശയം ചോദിക്കാനുള്ള അവകാശമില്ലേ?" ഇറ്റ്യാനംചേടത്തി എന്നോടു പറഞ്ഞു.

മൂപ്പൻ ഇമ്മാനുവിനോട്: "ഇമ്മാനു, നമ്മുടെ നാട്ടിൽ പലരും ഗാന്ധിജിയെ വളരെ ബഹുമാനിക്കുന്നവരും റോൾമോഡൽ ആയി കൊണ്ടുനടക്കുന്നവരും ആണ്. പക്ഷേ അവരാരും ഗാന്ധിജിയുടെ പോലെ വസ്ത്രം ധരിക്കുന്നില്ല. മനസ്സിലായോ?"

അപ്പോഴേക്കും എന്റെ കണ്ട്രോൾ പിന്നെയും പോയി. ''നിന്റെ റോസി

ടീച്ചറെ നെനക്ക് വല്യ ഇഷ്ടാണ ല്ലോ. എന്നിട്ട് നിയ്യ് റോസിടീച്ചറുടെ പോലെ സാരീം ബ്ലൗസും ഇട്ടി ട്ടാണോ നടക്കുന്നത്?"

ഇമ്മാനു ഒന്നും മിണ്ടിയില്ല. പെട്ടെന്ന് അവൻ അടുത്ത സംശയം ചോദിച്ചു: "മൂപ്പനങ്കിൾ, ഈ തുണി യില്ലാതെ നടക്കുന്ന ദിഗംബരാസിന്റെ കൂട്ടത്തിൽ സ്ത്രീകൾ സന്യാസിനി മാരായി ഉണ്ടോ?"

അവനെ തല്ലാനായി കയ്യിൽ ചട്ടു കവുമായി എന്റെ ഭാര്യ ഓടിവന്നെ ങ്കിലും ഇറ്റ്യാനംചേടത്തി അവളെ തടഞ്ഞു.

"പറയൂ മൂപ്പാ" അന്ത്രോസ്ബ്രദ റിന് ആവേശമായി. ഇതു കേട്ടതും ഇറ്റ്യാനംചേടത്തി അന്ത്രോസിന്റെ നേരെ തിരിഞ്ഞു. "എന്താ തന്തേടെ ഒരു ആഗ്രഹം! നാണോം മാനോം കാശു കൊടുത്ത് വാങ്ങാൻ പറ്റില്ല"

"നിങ്ങള് വഴക്കു കൂടണ്ട" മൂപ്പൻ ഇടപെട്ടു. "ദിഗംബരാസിന്റെ കൂട്ട ത്തിൽ സന്യാസിനിമാരുണ്ട്. ഞാൻ അവരെക്കുറിച്ച് പറയാം"

അപ്പോഴേക്കും ഇറ്റ്യാനം: "അയ്യോ മൂപ്പാ പറയല്ലേ, ഞാൻ ദേ പോണൂ. ഞാൻ പോയിട്ട് പറഞ്ഞോളൂ. ഈ അന്ത്രോസിന്റെ മുന്നിൽ വച്ച് അത് കേട്ടുകൊണ്ടിരിക്കാനുള്ള ശക്തി എനിക്കില്ല"

ഇതും പറഞ്ഞ് എഴുന്നേറ്റ് ഓടാ നായി തുടങ്ങിയ ഇറ്റ്യാനംചേടത്തി യോട് മൂപ്പൻ പറഞ്ഞു: "ഞാൻ പറ യുന്നത് കേൾക്കൂ. വൃത്തികേടുള്ള യാതൊരു കാര്യവും ഇവിടെയില്ല"

ഇറ്റ്യാനംചേടത്തി അല്പം ശങ്ക യോടെ നിന്നു. മൂപ്പൻ തുടർന്നു:

"മോക്ഷം നേടാനുള്ള ഒരു വ്യവ സ്ഥയാണ് നഗ്നത എന്നാണ് ദിഗം ബര വിഭാഗക്കാർ ചിന്തിക്കുന്നത്. ശ്വേതബംര വിഭാഗക്കാർ അങ്ങനെ ചിന്തിക്കുന്നില്ല"

"ദിഗംബരവിഭാഗത്തിലെ സന്യാ സിനിമാർ പുരുഷന്മാരെപ്പോലെ നഗ്ന രായി നടക്കുന്നവരല്ല, വെളുത്ത വ സ്ത്രം ധരിക്കുന്നവരാണ്. പക്ഷേ ഈ സന്യാസിനിമാർക്ക് ഈ ജന്മത്തി ൽ മോക്ഷം ലഭിക്കില്ലത്രേ! അടുത്ത ജന്മത്തിൽ അവർ പുരുഷന്മാരായി ജനിക്കുകയും പിന്നീട് തുണിയി ല്ലാതെ നടക്കുകയും ചെയ്താൽ മാത്രമാണ് അവർക്ക് മോക്ഷം ലഭി ക്കുന്നത്"

"ചൂലുംകെട്ട് എടുത്ത് നടുംപു റത്ത് ഒന്ന് കൊടുക്കാ വേണ്ടത്" ഇ റ്റ്യാനംചേടത്തി പ്രതികരിച്ചു.

"അതുകൊണ്ട് പ്രയോജനമില്ല. തുണിയില്ലാത്ത ആ സന്യാസിയുടെ അടുത്ത് അനുഗ്രഹം വാങ്ങാനായി പോയത് രാജ്യം ഭരിക്കുന്ന പ്രധാന മന്ത്രിയാണ് എന്നു നാം ഓർക്കണം"

"നമ്മുടെ നാട്ടിൽ കുറെ പെൺകു ട്ടികൾ താമസിയാതെ ദിംഗബരാസ് ആകാൻ സാധ്യതയുണ്ട്" ഇറ്റ്യാനം വീണ്ടും പറഞ്ഞു. "പലർക്കും തുണി യോട് ഇപ്പോൾ തന്നെ അലർജിയാ.."

"അന്ത്രോസെങ്ങാനും ദിഗംബരാ സന്യാസിയായാൽ..." ഇറ്റ്യാനംചേ ടത്തി ഇങ്ങനെ പറഞ്ഞപ്പോൾ അ ന്ത്രോസ്ബ്രദറിനു നാണം വന്നു. ❍

# മുഹമ്മദ് നബി

## -എംവിഎസ്-

**മുഹമ്മദ്:**

മുഹമ്മദ് നബി A D 570 ൽ ജനിച്ചു. സൗദിഅറേബ്യയിലെ മെക്കയാണ് ജനനസ്ഥലം. അറബികളുടെ ഖുറൈശി ഗോത്രത്തിലാണ് ജനനം. മുഹമ്മദ് ജനിക്കുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് പിതാവായ അബ്ദുള്ള മരിച്ചു. ആറു വയസ്സുള്ളപ്പോൾ അമ്മ ആമിനയും മരിച്ചു. മാതാപിതാക്കൾ നഷ്ടപ്പെട്ട മുഹമ്മദ് എന്ന ബാലനെ പിന്നീട് മുത്തച്ഛനാണ് വളർത്തിയത്. 40 വയസ്സായപ്പോൾ ജിബ്രിൽ (ഗബ്രിയേൽ) പ്രത്യക്ഷനായി എന്നു പറയപ്പെടുന്നു. അപ്പോൾ വർഷം A D 610.

**ഖുർആൻ:**

A D 610 മുതൽ മുഹമ്മദ് മരിച്ച വർഷമായ 632 വരെയുള്ള കാലഘട്ടത്തിലാണ് ഖുർആൻ എഴുതപ്പെട്ടത്. ഏകദേശം 23 വർഷം കൊണ്ട് എഴുതപ്പെട്ട ഖുർആൻ ദൈവത്തിൽനിന്ന് മുഹമ്മദിന് ലഭിച്ച വെളിപ്പാടുകളാണ് എന്നു മുസ്ലീങ്ങൾ വിശ്വസിക്കുന്നു. ആകെ 114 അദ്ധ്യായങ്ങളാണ് ഖുർആനിൽ ഉള്ളത്. ജിബ്രീൽ മുഖാന്തരം അള്ളാഹു മുഹമ്മദിന് അവതരിപ്പിച്ചുകൊടുത്ത പുസ്തകമാണ് ഖുർആൻ എന്നാണ് വിശ്വാസം.

**മുഹമ്മദിന്റെ മരണം:**

യഹൂദരുടെ കൂട്ടത്തെ മുഹമ്മദ് ആക്രമിച്ചു. അതിലെ സുന്ദരിയായ സ്ത്രീയായ സഫിയയെ ഭാര്യയാക്കി. അവളുടെ ഭർത്താവിനെ ക്രൂരമായി കൊന്നതിനു ശേഷമാണ് അവളെ ഭാര്യയാക്കിയത്. സഫിയയ്ക്ക് 17 വയസ്സു മാത്രമാണ് അന്നുണ്ടായിരുന്നത്. മുഹമ്മദിനു 57 വയസ്സും! (6 വയസ്സ് മാത്രമുള്ള ആയിഷയെ കല്യാണം കഴിക്കുകയും പിന്നീട് മൂന്നു വർഷത്തിനു ശേഷം, അതായത് അവൾക്ക് ഒമ്പത് വയസ്സുള്ളപ്പോൾ അവളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന് 'ഭാര്യയാക്കുകയും' ചെയ്ത വ്യക്തിയാണ് മുഹമ്മദ്. അന്ന് മുഹമ്മദിന് 52 വയസ്സുണ്ടായിരുന്നു)

ഒരു യെഹൂദ്യസ്ത്രീ വിളമ്പിയ ഭക്ഷണം മുഹമ്മദിന്റെ ജീവനെടുക്കാൻ കാരണമായി. ആട്ടിറച്ചിയിൽ വിഷം ചേർത്തായിരുന്നു അവൾ മുഹമ്മദിന് തിന്നാൻ കൊടുത്തത്. 8 ജൂൺ 632 ൽ മുഹമ്മദ് മരിച്ചു. സൗദിഅറേബ്യയിലെ മെദീനയിലാണ് അദ്ദേഹത്തെ അടക്കം ചെയ്തത്. മെക്കയും മെദീനയും മുസ്ലീങ്ങൾ പുണ്യസ്ഥലങ്ങളായി കണക്കാക്കുന്നു.

**മുഹമ്മദിന്റെ ഭാര്യമാർ:**

പരമാവധി നാലു ഭാര്യമാരെ വരെ ഒരു മുസ്ലീമിന് വിവാഹം കഴിക്കാം എന്ന നിർദ്ദേശം ഖുർആനിലൂടെ മുന്നോട്ട വച്ച (ഖുർആൻ 4:3) മുഹമ്മദിന് പക്ഷേ 11 ഭാര്യമാരും 2 വെപ്പാട്ടിമാരും ഉണ്ടായിരുന്നു! ആദ്യഭാര്യ ഖദീജയായിരുന്നു. ഖദീജ എന്ന വിധവയെ മുഹമ്മദ് വിവാഹം കഴിക്കുമ്പോൾ മുഹമ്മദിന് പ്രായം 25. ഖദീജയ്ക്ക് പ്രായം 40. ഖദീജ മരിച്ചതിനുശേഷമാണ് ബാക്കിയുള്ളവരെയെല്ലാം മുഹമ്മദ് പലപ്പോഴായി വിവാഹം ചെയ്തത്.

ആയിഷ എന്ന ബാലിക ഒഴികെ മുഹമ്മദിന്റെ ബാക്കിയുള്ള ഭാര്യമാരെല്ലാം മുഹമ്മദ് അവരെ സ്വന്തമാക്കുമ്പോൾ വിധവമാരോ വിവാഹമോചിതരോ ആയിരുന്നു. വിധവമാരും വിവാഹമോചിതരുമായ സ്ത്രീകളെ സംരക്ഷിക്കാൻ വേണ്ടിയായിരുന്നു മുഹമ്മദ് അവരെ വിവാഹം ചെയ്തത് എന്നു മുസ്ലീങ്ങൾ വമ്പു പറയാറുണ്ട്. (സഫിയയുടെ കാര്യം നാം കണ്ടല്ലോ. അവളുടെ ഭർത്താവിനെ കൊന്നതിനുശേഷമാണ് അവളെ ഭാര്യയാക്കിയത്. അതായത്, അവളെ വിധവയാക്കിയതിനുശേഷമാണ് മുഹമ്മദ് വിവാഹം ചെയ്തത്)

മുഹമ്മദ് മരിക്കുന്നതിനു മൂന്നു വർഷം മുമ്പാണ് മൈമുനയെ വിവാഹം ചെയ്തത്. മൈമുനയായിരുന്നു മുഹമ്മദിന്റെ പതിനൊന്നാമത്തെയും അവസാനത്തെയും ആയ ഭാര്യ. ആദ്യഭർത്താവ് മരിച്ചപ്പോൾ വിധവയായിത്തീർന്ന മൈമുന മുഹമ്മദ്നബിയെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുകയും ആ ആഗ്രഹം അറിഞ്ഞ ഉടനെ മുഹമ്മദ് അത് നടത്തിക്കൊടുക്കുകയും ചെയ്തു.

**മുഹമ്മദിന്റെ മക്കൾ:**

മുഹമ്മദ് നബിക്ക് 3 ആൺമക്കളും 4 പെൺമക്കളും ജനിച്ചു. ഇതിൽ ഇബ്രാഹിം എന്ന ആൺകുഞ്ഞൊഴികെ ബാക്കിയെല്ലാ മക്കളെയും പ്രസവിച്ചത് ആദ്യഭാര്യ ഖദീജയായിരുന്നു. മുഹമ്മദിന്റെ വെപ്പാട്ടിയായ മറിയ ആയിരുന്നു ഇബ്രാഹിമിനെ പ്രസവിച്ചത്. മുഹമ്മദിന്റെ മൂന്നു ആൺകുട്ടികൾക്കും ആയുസ്സ് അധികമുണ്ടായില്ല. ഖാസിം എന്ന മകൻ 3 വയസ്സുള്ളപ്പോഴും, അബ്ദ് അള്ളാ എന്ന മകൻ 4 വയസ്സുള്ളപ്പോഴും, ഇബ്രാഹിം രണ്ടു വയസ്സുള്ളപ്പോഴും മരിച്ചു. 4 പെൺമക്കൾക്കും ആൺമക്കളേക്കാൾ ആയുസ്സുണ്ടായിരുന്നു. മൂത്ത മകളായ സൈനബ് മുപ്പത് വയസ്സ് വരെയും, രണ്ടാമത്തെ മകളായ റുഖയ്യ 23 വയസ്സുവരെയും, മൂന്നാമത്തെ മകളായ ഉമ്മുകുൽസും 27 വയസ്സുവരെയും, നാലാമത്തെ മകളായ ഫാത്തിമ 27 വയസ്സുവരെയും ജീവിച്ചു. ഫാത്തിമ ഒഴികെ എല്ലാ മക്കളും മുഹമ്മദിന്റെ ജീവിതകാലത്തു തന്നെ മരിച്ചിരുന്നു. മുഹമ്മദ് മരിച്ച് ആറു മാസത്തിനു ശേഷം ഫാത്തിമയും മരിച്ചു.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th December 2023

Posted at
Thrissur RMS

## ആനുകാലികം

### കണ്ണടയിൽ തെളിഞ്ഞ സത്യങ്ങൾ!

ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ബിന്ദു 30500 രൂപയ്ക്ക് കണ്ണട വാങ്ങി എന്നും പറഞ്ഞ് ഇവിടെ കുറെ പേർ രോഷാകുലരായി. മന്ത്രി കണ്ണട വാങ്ങിയതിന് ഇവർക്കെന്താ ഇത്ര അസ്കിത എന്നു ചിന്തിച്ചപ്പോഴാണ് കാരണം മനസ്സിലായത്. പൊതുജനത്തിന്റെ പണം ഉപയോഗിച്ചാണ് ഈ കണ്ണട വാങ്ങിച്ചതത്രേ! പിന്നീടാണ് ട്വിസ്റ്റോട് ട്വിസ്റ്റ്. ഞാൻ മാത്രമല്ല കോൺഗ്രസ്സിന്റെ കൂട്ടരും ഇതുപോലെ വിലയുള്ളതോ ഇതിൽ കൂടുതൽ വിലയുള്ളതോ ആയ കണ്ണടകൾ വാങ്ങിയിട്ടുണ്ടെന്നും പറഞ്ഞ് അവരുടേ പേരും അവർ കണ്ണടയ്ക്കായി ചെലവഴിച്ച തുകയും പരസ്യമായി മന്ത്രി ബിന്ദു വിളിച്ചു പറഞ്ഞു.

“അയ് ശരി... അപ്പൊ ഇങ്ങനെയൊക്കെയാണ് ഇവിടത്തെ കാര്യങ്ങൾ.. അറിഞ്ഞില്ല... ആരും പറഞ്ഞില്ല” എന്നും പറഞ്ഞ് പൊതുജനം മൂക്കത്ത് വിരൽ വച്ചുപോയി. മന്ത്രിയുടെ കണ്ണടയെ വിമർശിച്ചവരെ മുമ്പത്തെ കണ്ണടവീരന്മാർ ശപിക്കുന്നുണ്ടാകണം. മന്ത്രി, നന്ദി. അങ്ങയുടെ വിലപ്പെട്ട വെളിപ്പെടുത്തലിന് നന്ദി. മുമ്പ് കുറെ പേർ ഇങ്ങനെ ചെയ്തിട്ടുള്ള കാര്യം പൊതുജനം അറിഞ്ഞത് ഇപ്പോഴാണ്. അപ്പോഴേക്കും മുൻ എസ്എഫ്ഐ നേതാവ് സിന്ധുജോയ് മറ്റൊരു കാര്യം കൂടി വെളിപ്പെടുത്തി ഫെയ്സ്ബുക്ക് പോസ്റ്റിട്ടു. അനുവദനീയമായ തുകയുടെ വെറും 60% മാത്രമേ മന്ത്രി ഉപയോഗിച്ചിട്ടുള്ളൂ! “അയ് ശരി... അപ്പൊ ഇങ്ങനെയൊക്കെയാണ് ഞങ്ങടെ കാശ് പോണത്.”

“ഞാൻ മാത്രമല്ല ഇവിടെ പിടിച്ചുപറിക്കാരനായിട്ടുള്ളത്. വേറെയും ആളുകളുണ്ടല്ലോ.” ഒരിക്കൽ ഒരു പിടിച്ചുപറിക്കാരൻ പറഞ്ഞതാണിത്. അല്ല, ഇതെന്താ ഇപ്പൊ ഇവിടെ പറയേണ്ട കാര്യം? ഒന്നൂല്ല, വെറുതെ പറഞ്ഞൂന്ന് മാത്രം.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V